# മരമന്ത്രങ്ങൾ

കുഞ്ഞുണ്ണി

മഴുകൊണ്ടുണ്ടായുള്ളൊരു നാടിത്
മഴുകൊണ്ടില്ലാതാകുന്നു

* * *

ഒരുമരം വെട്ടിയാൽ
ഒരു മകൻ നഷ്ടം
നല്ലമ്മ നഷ്ടം

* * *


മരം മനുഷ്യന്നു മനുഷ്യനേക്കാ-
ളാവശ്യമുള്ളോ, ന്നതുപോക്കിടൊല്ലേ!

* * *

മരിച്ചോർക്കേ മുറിക്കാവൂ മരം

* * *

ചമ്പച്ചോട്ടിൽ തൈവെയ്ക്കാത്തോൻ
ചത്താൽ പിണ്ഡം വെയ്ക്കേണ്ട.



നാമെന്തറിയുന്നു നമ്മളെക്കൂടിയും?
ഞാനെന്തു പേരിടുമാകാശ നക്ഷത്ര
പീഠത്തിൽ ലീലാരസ ധ്യാന ലോലയായ്
വീണവായിക്കും പ്രപഞ്ചമാതാവിന്റെ
പാദസരങ്ങളിലൊന്നിന്റെ ചിഞ്ചിലം
കാട്; അവൾ കാലൊന്നിളക്കിയിള കൊൾകെ
കാലമുന്മേഷ നിമേഷണം കൊള്ളുന്നു.
കാടിനു ഞാനെന്തു പേരിടും?
കാടിനു ഞാനെന്റെ പേരിടും.
പേരുകൾ സൂര്യന്റെ കൂടെ നടക്കുന്നു.
പന്ത്രണ്ടുരാശിയിൽ
ഉത്തരദക്ഷിണ സ്വർഗ്ഗവാരാശിയിൽ
തെല്ലിടരാഹുഗളസ്തമായ് പിന്നെയും
ഫുല്ലപ്രഭാവമായ് പച്ചക്കുതിരക-
ളേഴു വലിക്കുന്ന തേരിലായ് നേരിലായ്
മുമ്പേ നടക്കുമുഷസ്സിന്റെ പിമ്പിലായ്
വമ്പൻ ഗരുഡസഹോദരൻ സൂതനായ്
നാനാമുനിഗണ സ്തോത്രവിനയമായ്
പ്രഹ്ലാദമായുള്ള ഗന്ധർവ്വഗാനമായ്
അപ്സരോനൃത്തവിലാസ സമൃദ്ധിയായ്
യക്ഷരക്ഷോ നാഗരക്ഷകന്മാരുമായ്
സംജ്ഞയും ഛായയും ഭർത്തൃപ്രിയകളായ്
ബാലഖില്യന്മാരനുഗത സേവ്യരായ്
പൂർവ്വാഹ്ന മദ്ധ്യാഹ്ന സായാഹ്ന ഗീരുവായ്
മാനസ-ധ്രുവസീമാന്ത വിശാലമായ്
പേരുകൾ സൂര്യന്റെകൂടെ നടക്കുന്നു.

കാടിനു ഞാനെന്തുപേരിടും?
കാടിനു ഞാനെന്റെ പേരിടും.
പേരുകൾ ചന്ദ്രന്റെ കൂടെ നടക്കുന്നു.
വൃദ്ധിക്ഷയ ശുക്ലകൃഷ്ണപക്ഷങ്ങളായ്
ഏഴുമിരുപതും മണ്ഡലദീപ്തമായ്
രോഹിണീശുക്ര ബുധ ബന്ധശക്തമായ്
ഓഷധീപോഷക കാരുണ്യഘോഷമായ്
സൃഷ്ടികൾക്കൊക്കെ പ്രചോദന ഗാത്രമായ്
രാത്രിയായപ്പിതൃക്കൾക്കൊരു സത്രമായ്
ധാത്രിയായ് സ്വപ്നമായ് കാവ്യധനുസ്സുമായ്
കാവ്യഹംസങ്ങൾക്കു ശ്രീരാജഹംസമായ്
പേരുകൾ ചന്ദ്രന്റെകൂടെ നടക്കുന്നു.
കാടിനു ഞാനെന്തു പേരിടും?
കാടിനു ഞാനെന്റെ പേരിടും.
പേരുകൾ സൂര്യനും ചന്ദ്രനും ഭൂമിയും
പേരുകളല്ലയോ സർവ്വചരാചരം.
പേരുകൾക്കുള്ളിൽ പെരുമാളിരിക്കുന്നു
പേരും പെരുമാളുമൊന്നുതന്നല്ലയോ.
ഒന്നു തന്നല്ലയോ നിങ്ങളും ഞാനു-
മിക്കാടും കിനാക്കളുമണ്ഡകടാഹവും:
പൂർണ്ണമതേ,യിതു പൂർണ്ണം, മനോവസ്തു
പൂർണ്ണത്തിൽ നിന്നൊരു പൂർണ്ണമുണ്ടാകുന്നു.
പൂർണ്ണത്തിൽ നിന്നൊരു പൂർണ്ണമെടുക്കിലും
പൂർണ്ണമേ ശേഷിപ്പൂ, ശാന്തി ഓം, ശാന്തി ഓം.

*അവലംബം : വനപർവ്വം*

